## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 609** **08.08.2017-ൽ മറുപടിക്ക്**

## ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി വിതരണം

| | ചോദ്യം<br>**ശ്രീ. : മുഹമ്മദ് മുഹസിൻ പി.** | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാലാനുസൃതമായി റോഡുകളുടെ വീതി കൂട്ടുന്നതിനാൽ റോഡിനോട് ചേർന്ന് നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ പലപ്പോഴും ഗതാഗതക്കുരുക്കിനും അപകടത്തിനും പ്രദേശത്തിന്റെ വികസനത്തിനും തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) | ഉണ്ട്. |
| (ബി) | ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി വിതരണം നടത്തുവാൻ സാധിക്കുമോ; ഉപഭോക്താവ് ഇതിനു വേണ്ടി വരുന്ന ചെലവ് വഹിക്കുകയാണെങ്കിൽ അത്തരത്തിൽ കണക്ഷൻ നൽകുവാൻ കഴിയുമോ; വ്യക്തമാക്കാമോ? | (ബി) | ഓവർഹെഡ് ലൈനുകൾ സ്ഥാപിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് വളരെയധികം ചെലവേറിയതാണ്. വിതരണ ശൃംഖലയുടനീളം ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ പ്രായോഗികമല്ല. കൂടാതെ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുമ്പോഴും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളപ്പോഴും വിവിധ സർക്കാർ/ അർദ്ധ സർക്കാർ വകുപ്പുകളിൽ നിന്ന് അനുമതി ലഭിക്കേണ്ടതുണ്ട്. ഓവർ ഹെഡ് ലൈനുകൾവലിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മാത്രമേ സാധാരണ ഗതിയിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് ശുപാർശ ചെയ്യാറുള്ളൂ. കേന്ദ്ര പദ്ധതിയായ RAPDRP-ൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുത്ത നഗരപ്രദേശങ്ങളിൽ ഓവർഹെഡ് എച്ച്. റ്റി. ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചു വരുന്നു. എച്ച്.റ്റി. വൈദ്യുതി കണക്ഷൻ ഭൂഗർഭ കേബിളുകൾ വഴി നൽകാറുണ്ട്. എൽ.റ്റി. വൈദ്യുതി കണക്ഷൻ കൊടുക്കുമ്പോൾ പോസ്റ്റിൽ നിന്നും ഓവർഹെഡ് സർവ്വീസ് വയറിലൂടെ വൈദ്യുതി നൽകുന്നതിനു പകരം അണ്ടർ ഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി നൽകുന്നത് വൈദ്യുത ചോർച്ചയ്ക്ക് ഇടയാക്കാം എന്നതിനാൽ ഇത് പൊതുവിൽ നിരുൽസാഹപ്പെടുത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**